# മരുന്നുകളുടെ ചെയിൻ വില്പന അനുവദനീയമോ?

പി. എസ്

കേരളത്തിലിപ്പോൾ ഏറ്റവും 'ഓട്ട'മുള്ള ബിസിനസ് നെറ്റ്‌വർക്ക് മാർക്കറ്റിംഗാണ്. കേരളത്തിലെ സാമൂഹിക- സാമ്പത്തിക വിദഗ്ധർ അടിയന്തിരമായി പഠനവിധേയമാക്കേണ്ട ഒരു മേഖലയാണ് ഇതെന്നുകൂടി പറയാം.

മണിചെയിൻ പദ്ധതികളുടേയും റിലേഷൻഷിപ്പ് മാർക്കറ്റിംഗിന്റേയും ചില സാങ്കേതിക വശങ്ങളും ലോട്ടറി വിൽപ്പനക്കാർ പകർന്നു നൽകുന്ന ഭക്കറേല പ്രതീക്ഷയും ഭാഗ്യമോതിരം വിൽക്കുന്നവന്റെ ബിസിനസ് സൈക്കോളജിയും ചേർന്നതാണ് നെറ്റ്‌വർക്ക് മാർക്കറ്റിംഗിന്റെ കേരളരൂപങ്ങൾ.

ആംവേയും മോഡികെയറും ക്വാണ്ടവും ഒക്കെയായി തുടങ്ങിയ വീട്ടുപയോഗസാധനങ്ങളുടെ നെറ്റ്‌വർക്ക് മാർക്കറ്റിംഗിന്റെ ഒന്നാംതരംഗത്തിനു ശേഷം ഇപ്പോൾ അദ്ഭുതഗുണങ്ങളുള്ള ഔഷധങ്ങളുടെ രണ്ടാം തരംഗമാണ് കേരളത്തിൽ നിലനിൽക്കുന്നത്. ഡിഎക്സ്എൻ, കെ-ലിങ്ക്, കോണിബയോ എന്നിവയാണ് ഈ മേഖലയിൽ ഇപ്പോൾ പയറ്റുന്നത്. എല്ലാ രോഗങ്ങളും മാറ്റി കൊടുക്കുന്ന ജപ്പാൻ ലൈഫ് ഇന്റർനാഷണലിന്റെ ഒരു ലക്ഷത്തോളം രൂപ വിലവരുന്ന കിടക്കകൾ കേരളത്തിൽ ആയിരക്കണക്കിനു വിൽക്കാൻ കഴിഞ്ഞു.

രോഗാതുരരായ കേരളീയ സമൂഹത്തെ സ്വാധീനിക്കുന്ന ഒന്നാണ് സർവ്വരോഗ

(ശേഷം പേജ് 6)

# മരുന്നുകളുടെ ചെയിൻ വില്പന

ഒന്നിൽ നിന്ന് തുടർച്ച

സംഹാരികളായ ഉല്പന്നങ്ങൾ. ജപ്പാൻ ലൈഫ് കാരന്റെ ഉല്പന്നം കിടക്കയാണ്. കോണിബയോക്കാരന്റേത് ഒരുതരം മണ്ണിലുണ്ടാക്കിയ മാലയും അടിവസ്ത്രങ്ങളുമാണ്, കെ-ലിങ്കാരന്റേത് ശരീരത്തിലൊട്ടിക്കുന്ന ടേപ്പാണ്, ഡി എക്സ് എൻ കാരന്റേത് കൂൺ വകുപ്പിൽ പെട്ട ചില മരുന്നുകളാണ്- പക്ഷേ, എല്ലാം സർവ്വരോഗസംഹാരികളാണ്. മുഖ്യമന്ത്രി എ.കെ. ആന്റണിയും സിനിമാനടൻ മോഹൻലാലും തൊട്ട് സ്ഥലം എസ്. ഐയുടെ അമ്മയും തൊട്ടടുത്ത മെഡിക്കൽകോളേജിലെ ഹാർട്ട് സ്പെഷലിസ്റ്റിന്റെ ഭാര്യയും ഉൾപ്പെടെ ഉപഭോക്താക്കളുടെ ഒരു നീണ്ട നിരയും ഉല്പന്നങ്ങളുടെ ഫലശേഷിയെക്കുറിച്ച് സംശയലേശമില്ലാത്ത ഉറച്ച വിശ്വാസവും വെച്ചാണ് ഇതിന്റെ ഏജന്റുകൾ നിങ്ങളെ സമീപിക്കുന്നത്. വർഷങ്ങളായി ശ്വാസം മുട്ടുകൊണ്ടോ വാതംകൊണ്ടോ പ്രമേഹം കൊണ്ടോ തണ്ടെല്ലുവേദനകൊണ്ടോ രക്തസമ്മർദ്ദം കൊണ്ടോ ബുദ്ധിമുട്ടുന്ന നിങ്ങളുടെ അച്ഛന്റേയോ അമ്മയുടേയോ ഭാര്യയുടേയോ സഹോദരങ്ങളുടേയോ കാര്യത്തിൽ ഈ അസാധാരണ ഔഷധംകൂടി പ്രയോഗിക്കാൻ നിങ്ങളെ സന്നദ്ധരാക്കുന്ന കാര്യത്തിൽ നിങ്ങളുടെ ബന്ധുവോ സുഹൃത്തോ സഹപ്രവർത്തകനോ കൂടിയായ 'നെറ്റ് വർക്കർ'ക്ക് അധികം മെനക്കെടേണ്ടിവരുകപോലുമില്ല.- പത്തുവർഷമായിട്ടും പത്തു ഡോക്ടർമാരെ മാറി കണ്ടിട്ടും പത്തുമുപ്പതിനായിരം രൂപ ചെലവാക്കിയിട്ടും മാറാത്ത നിങ്ങളുടെ അമ്മയുടെ തണ്ടെല്ലുവേദന മാറുമോയെന്നു നോക്കാൻ ഒരു ആയിരത്തിയഞ്ഞൂറു രൂപകൂടി ചെലവാക്കി നോക്കാൻ നിങ്ങൾ അത്ര ബലം പിടിക്കാനിടയില്ല. നിങ്ങളേപ്പോലെയാണ് ബാക്കിയുള്ളവരും. അതാണ്  ഈ ബിസിനസിന്റെ വിജയവും. ചിലർക്കെങ്കിലും ഇതുകൊണ്ട് രോഗശാന്തിയോ ആശ്വാസമോ ഉണ്ടായിക്കൂടെന്നുമില്ല. അങ്ങനെ രോഗം മാറിയവരുടെ ഉദാഹരണങ്ങൾ ഭാവി വില്പനയെ സഹായിക്കുന്നു. മാറാത്തവർ മറക്കപ്പെടുന്നു.

ച്യവനപ്രാശം ചൈനയിൽ കൊണ്ടുപോയി സർവ്വരോഗസംഹാരിയെന്നു പറഞ്ഞു വിറ്റാൽ നടക്കാനിടയുള്ള കാര്യങ്ങളാണ് ഇവിടേയും സംഭവിക്കുന്നത്. കഴിച്ച ചിലരുടേയെങ്കിലും തുമ്മലോ ചീറ്റലോ ശ്വാസംമുട്ടലോ മാറുകതന്നെ ചെയ്യും. ബാക്കിയുള്ളവരുടെ കാശുപോയതു തന്നെ. യാതൊരു വിധ വൈദ്യശാസ്ത്രപിൻബലവും കൂടാതെ ഇത്തരം ഉല്പന്നങ്ങൾ ഔഷധങ്ങളായി പ്രചരിപ്പിക്കുന്നതും വില്ക്കുന്നതും കർശനമായി തടയുന്ന ഒരവസ്ഥ ഉണ്ടാകേണ്ടതുണ്ട്. കാരണം, ഇവയുടെ പാർശ്വഫലങ്ങളെക്കുറിച്ച് യാതൊരു അറിവും വിൽക്കുന്നവർക്കും പ്രചരിപ്പിക്കുന്നവർക്കും ഇല്ല. മലേഷ്യയിൽ നിന്നും കയറ്റുമതി ചെയ്യുന്ന ഇത്തരം 'ഔഷധ'ങ്ങൾ കഴിച്ച് ഗുരുതരമായ രോഗങ്ങളും മരണങ്ങളും സംഭവിച്ച ആൾക്കാരെ കുറിച്ചുള്ള റിപ്പോർട്ടുകൾ ജപ്പാനിലും മറ്റും സ്ഥിരം പത്രവാർത്തയാവുകയാണ്.